# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1925** — **17.03.2015-ൽ മറുപടിയ്ക്ക്**

## ടിപ്പർ ലോറികളുടെ അമിത വേഗത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ** | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളിടിച്ചുണ്ടായിട്ടുള്ള അപകടമരണങ്ങളുടെ എണ്ണം വാർഷിക ക്രമത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളിടിച്ചുണ്ടായിട്ടുള്ള അപകടമരണങ്ങളുടെ എണ്ണം വാർഷിക ക്രമത്തിൽ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ടിപ്പർ ലോറികളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി പോലീസിന്റെ ഭാഗത്തു നിന്നുള്ള സംവിധാനങ്ങൾ/ ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (ബി) ടിപ്പർ ലോറികളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി ടി വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ അമിത വേഗതയിൽ സഞ്ചരിക്കുന്ന ടിപ്പർ ലോറികളെ വാഹന പരിശോധനയിൽ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. ഇന്റർസെപ്റ്റർ, ക്യാമറകൾ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ച് ലോറികളുടെ വേഗത പ്രത്യേകം പരിശോധിക്കുകയും, ടിപ്പർ ലോറികളേയും ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളേയും പകൽ സമയങ്ങളിൽ നഗരത്തിനുള്ളിൽ പ്രവേശിക്കുന്നതിന് സമയ നിയന്ത്രണം ഏർപ്പെടുത്തുകയും, ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും, |

ടിപ്പർ ലോറി ഡ്രൈവർമാരെ ഉൾപ്പെടുത്തി ട്രാഫിക്ക് ബോധവൽക്കരണം നടത്തുകയും ചെയ്തു വരുന്നു.

(സി) നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(സി) ഉണ്ട്. ടിപ്പർ ലോറികളെ കർശനമായും തുടർച്ചയായും നിരീക്ഷിച്ച് പരിശോധന നടത്തിയും, സ്പീഡ് റഡാർ സംവിധാനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തിയും, തിരക്കേറിയ സമയങ്ങളിൽ ടിപ്പർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയും അമിത വേഗതമൂലമുള്ള അപകടം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ടിപ്പർലോറികളിച്ചുണ്ടായിട്ടുള്ള അപകടമരണങ്ങളുടെ എണ്ണം

| Districts | വർഷം | | | | |
|---|---|---|---|---|---|
| | 18.05.2011 മുതൽ 31.12.2011 വരെ | 2012 | 2013 | 2014 | 2015 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെ |
| Thiruvananthapuram City | 2 | 3 | 3 | 2 | 1 |
| Thiruvananthapuram RL | 5 | 7 | 6 | 9 | 5 |
| Kollam City | 0 | 1 | 5 | 5 | 0 |
| Kollam Rural | 4 | 4 | 3 | 6 | 4 |
| Pathanamthitta | 3 | 7 | 6 | 4 | 1 |
| Alappuzha | 4 | 10 | 12 | 11 | 2 |
| Kottayam | 9 | 13 | 12 | 16 | 6 |
| Idukki | 3 | 4 | 5 | 4 | 0 |
| Ernakulam City | 10 | 2 | 7 | 5 | 0 |
| Ernakulam Rural | 12 | 20 | 20 | 22 | 6 |
| Thrissur City | 4 | 2 | 6 | 4 | 2 |
| Thrissur Rural | 5 | 20 | 10 | 11 | 0 |
| Palakkad | 2 | 7 | 4 | 9 | 0 |
| Malappuram | 6 | 24 | 17 | 19 | 2 |
| Kozhikode City | 1 | 7 | 7 | 3 | 0 |
| Kozhikode Rural | 6 | 11 | 13 | 8 | 0 |
| Wayanad | 0 | 4 | 2 | 4 | 0 |
| Kannur | 5 | 8 | 11 | 6 | 2 |
| Kasaragod | 4 | 2 | 6 | 5 | 0 |
| TOTAL | 85 | 156 | 155 | 153 | 31 |

സെക്ഷൻ ഓഫീസർ.